**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1638 — 14.12.2012- ൽ മറുപടിക്ക്

**<u>കൃത്യതാകൃഷി പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ | പുതുക്കാട് മണ്ഡലത്തിലെ കൃത്യതാ കൃഷി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നല്കുമോ; | എ പുതുക്കാട് മണ്ഡലത്തിൽ 20 ഹെക്ടർ സ്ഥലത്ത് കൃത്യതാകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് 8 ലക്ഷം രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടറുടെ 09-03-2012-ലെ 74/എസ്.എച്ച്.എം/11/330 നമ്പർ കത്ത് പ്രകാരം അനുവദിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കൂടാതെ വി.എഫ്.പി.സി.കെ. മുഖാന്തിരം പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട മറ്റത്തൂരിൽ 5 ഏക്കർ സ്ഥലത്ത് കൃത്യതാ കൃഷി ആർ.കെ.വി.വൈ 2011-12 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കഴിഞ്ഞു. ആർ.കെ.വി.വൈ ഫണ്ടിൽ നിന്നും തുക കൗൺസിലിന് അഗ്രിക്കൾച്ചർ ഡയറക്ടർ മുഖേന നൽകുകയും കൗൺസിൽ അവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി | തുക അനുവദിക്കുന്നതിൽ നിലവിൽ തടസ്സം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി തുക അനുവദിക്കുന്നതിന് തടസ്സങ്ങ ളൊന്നും തന്നെ ഇല്ല. |
| സി | ഈ വർഷവും പദ്ധതി തുടരുമോ എന്ന് വ്യക്തമാക്കുമോ? | സി ഈ വർഷവും പദ്ധതി തുടരും. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ